**അഥാസ്മിൻ ഭഗവാൻ വൈന്യ: പ്രജാനാം വൃത്തിദ: പിതാ**
**നിവാസാൻ കൽപ്പയാഞ്ചക്രേ തത്ര തത്ര യഥാർഹത: (4-18-30)**
**ഗ്രാമാൻ പുര: പത്തനാനി ദുർഗ്ഗാണി വിവിധാനി ച**
**ഘോഷാൻ വ്രജാൻ സശിബിരാനാകരാൻ ഖേടഖർവ്വടാൻ (4-18-31)**
**പ്രാക്പൃഥോരിഹ നൈവൈഷാ പുരഗ്രാമാദികൽപ്പനാ**
**യഥാസുഖം വസന്തി സ്മ തത്ര കുതോഭയാ: (4-18-32)**

മൈത്രേയൻ തുടർന്നു:
പൃഥുവിനെ പുകഴ്ത്തിയ ശേഷം, തൻെറ രഹസ്യം രാജാവിനോട് പറയാൻ സമയമായി എന്ന് ഭൂമിദേവി മനസ്സിലാക്കി. തൻെറ സ്വത്തുക്കളെല്ലാം രാജാവിന് സമർപ്പിച്ച് ദേവി ഇങ്ങിനെ പറഞ്ഞു: "മാമുനിമാർ കണ്ടെത്തി പ്രഖ്യാപിച്ച സന്മാർഗ്ഗങ്ങളിലൂടെ വേണ്ടരീതിയിൽ അദ്ധ്വാനിച്ചാണ് മനുഷ്യൻ തനിക്കു വേണ്ട വസ്തുവകകൾ നേടുന്നത്. പ്രകൃതിനിയമങ്ങൾ അനുസരിച്ച് വർത്തിക്കുന്നവൻ വമ്പിച്ച വിളവെടുക്കുകയും ചെയ്യും. വിഡ്ഢികളാകട്ടെ, സ്വാർത്ഥപരമായി അക്രമവാസനയോടെ ശ്രമിക്കുമ്പോൾ ആഗ്രഹിക്കുന്ന ഫലം ലഭിക്കുകയില്ല. അങ്ങേയ്ക്കു മുൻപ് രാജസിംഹാസനത്തിലിരുന്നവർ ധർമ്മിഷ്ഠരായിരുന്നില്ല. അതുകൊണ്ട് ഭൂമിയിലെ ധനധാന്യങ്ങൾ ഞാൻ അവരിൽനിന്ന് സംരക്ഷിച്ച് ഒളിപ്പിച്ച് വെച്ചു. ദുഷ്ടരെ പരിരക്ഷിക്കാനും വളർത്താനും ഈ ധനം ഉപയോഗിച്ചുകൂടാ. തീർച്ചയായും അങ്ങേയ്ക്ക് എൻെറ അഗാധതകളിൽനിന്ന് പോലും എല്ലാ ധനവും കറന്നെടുക്കാം."

ഭൂമിയുടെ അഭിപ്രായം സ്വീകരിച്ച് രാജാവ് ഭൂമിയെ കറന്നെടുക്കാൻ തുടങ്ങി, ഭൂമി കാമധേനുവാണല്ലോ. എല്ലാ വർഗ്ഗവിഭാഗങ്ങളും, തങ്ങളിൽ ശ്രേഷ്ടരായവരെ, പശുവിനെ കറക്കുവാൻ മുൻപേവിടുന്ന പശുക്കുട്ടിയാക്കി നിർത്തി. എന്നിട്ട് ധനമെല്ലാം സൗകര്യപ്രദമായ പാത്രങ്ങളിലാക്കി സൂക്ഷിച്ചു. സ്വയംഭുവമനുവിനെ പശുക്കുട്ടിയാക്കി രാജാവ് സ്വയം എല്ലാ സസ്യജാലങ്ങളെയും പച്ചമരുന്നുചെടികളെയും ഭൂമിയിൽനിന്ന് പുറത്തെടുത്തു. മാമുനിമാർ തങ്ങളുടെ സൃഷ്ടാവിനെ പശുക്കുട്ടിയാക്കി ദിവ്യജ്ഞാനം തങ്ങളുടെ ഇന്ദ്രിയങ്ങളായ ചെവി, വാക്ക്, മനസ്സ് എന്നിവിടങ്ങളിൽ സൂക്ഷിച്ചുവെച്ചു. ഇന്ദ്രനെ പശുക്കുട്ടിയാക്കി ദേവതകൾ അമൃതു കറന്നെടുത്തു. അറകമവാസനയുള്ളവർ ലഹരികളും കറന്നു. ദേവഗായകർ സംഗീതവും സൗന്ദര്യവും കറന്നു. പിതൃക്കൾ കാവ്യവും, സിദ്ധന്മാർ അത്യത്ഭുതശക്തികളും എടുത്തു. ഭൂതപ്രേതങ്ങൾ തലയോട്ടി നിറയെ രക്തമെടുത്തു. പാമ്പുകൾക്ക് വിഷമുണ്ടായി. സസ്യഭുക്കുകളായ മൃഗങ്ങൾക്കുവേണ്ടി പുല്ല്, മാംസഭുക്കുകൾക്ക് ഇറച്ചി, മരങ്ങൾക്ക് മരനീര്, മലകൾക്ക് ധാതുക്കൾ എന്നിവ ലഭിച്ചു. അങ്ങിനെ എല്ലാത്തരത്തിലുള്ള ജീവജാലങ്ങൾക്കും ഭൂമീദേവിയിൽനിന്നും എല്ലാം വേണ്ടപോലെ ലഭിച്ചു. ഇതുകണ്ടു സന്തുഷ്ടനായ രാജാവ് ഭൂമിയെ സ്വന്തം പുത്രിയായി ദത്തെടുത്തു.

രാജാവ് ഭൂമിയെ കറന്നെടുക്കൽ അവസാനിപ്പിച്ചിരുന്നില്ല. രാജാവ് മനുഷ്യരെ സംഘടിപ്പിച്ച്പട്ടണങ്ങളും, ഗ്രാമങ്ങളും, നഗരങ്ങളും, കോട്ടകൊത്തളങ്ങളും, പശുതൊഴുത്തുകളും ഉണ്ടാക്കി. ഭൂമിയിൽനിന്നും വിലപിടിച്ച ലോഹങ്ങൾ എടുക്കാൻ ഖനനവും തുടങ്ങിവെച്ചു. കർഷകർക്കായി ഭവനങ്ങളുണ്ടാക്കി അവരുടെ നിലങ്ങൾ കൃഷിയോഗ്യമാക്കി. ഇതാണ് ലോകത്തിലെ ആദ്യത്തെ സാമൂഹ്യ പ്രവർത്തനവും സമാജസംഘടനാശ്രമവും. ഇതിൻെറയെല്ലാം ഫലമായി ജനം സമാധാനത്തോടെ സുരക്ഷാബോധത്തോടെ വർത്തിച്ചു.